**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1553** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാർബൺ മുക്ത കൃഷിയിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ കാർബൺ വ്യാപനം കുറച്ചു കൊണ്ടുവരുന്നതിനായി സർക്കാർ നയരൂപീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ കാർബൺ വ്യാപനം കുറച്ചു കൊണ്ടുവരുന്നതിനായുള്ള നയരൂപീകരണം സർക്കാരിന്റെ പരിഗണയിലുണ്ട്. |
| (ബി) | കൃഷിയിടങ്ങൾ കാർബൺ മുക്തമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് രൂപീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | സീറോ കാർബൺ ആവാസവ്യവസ്ഥ, പ്രകൃതി സംരക്ഷണം, ഭക്ഷ്യ-ഊർജ്ജ സ്വയംപര്യാപ്തത, സാമ്പത്തിക ക്ഷേമം, വികസനം എന്നീ ആശയങ്ങൾ മുന്നോട്ട് വച്ച് കേരളത്തിലെ കാർഷിക രംഗത്തെ, കാർബൺ തുലിതാ കാർഷിക മേഖലയാക്കി (Carbon Neutral Agriculture) മാറ്റുന്നതിന്റെ മുന്നോടിയായി 2021 ഡിസംബർ 30, 31 തീയ്യതികളിൽ ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചു. കാർഷിക മേഖലയിൽ കാർബൺ എമിഷൻ കുറയ്ക്കുന്നതിന് അവലംബിക്കാവുന്ന മണ്ണ് പരിപാലന മുറകളിലെ മാറ്റങ്ങൾ, ജലസേചന മാർഗ്ഗങ്ങളിൽ വേണ്ട മാറ്റങ്ങൾ, കാർഷികോല്പാദനോപാധികളുടെ ഉപയോഗ ക്രമത്തിലെ മാറ്റങ്ങൾ, കാർഷിക മേഖലയിൽ ഊർജ്ജ സ്രോതസുകളിലെ മാറ്റങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. കാർബൺ സങ്കലനം (Carbon sequestration) വഴി കാർബണിനെ മണ്ണിലും അതുപോലെ ജൈവാംശമായും പിടിച്ചു നിർത്താനുള്ള പ്രവർത്തനങ്ങളായ ജൈവ വൈവിധ്യ സംരക്ഷണം, വിള പരിപാലനത്തിലെ മാറ്റങ്ങൾ, വിള അവശിഷ്ട പരിപാലനം, കാർബൺ ആഗീകരണ ശേഷിയുള്ള വിളകളുടെ വ്യാപനം, ആഴത്തിലുള്ള വേരുപടലമുള്ള വിളകളുടെ പ്രോത്സാഹനം, C4വിളകളുടെ വ്യാപനം, സംയോജിത കൃഷിരീതി പ്രോത്സാഹനം, കണ്ടൽ കാടുകളുടെയും കാവുകളുടെയും സംരക്ഷണം, കൃത്യതാ കൃഷി (പ്രിസിഷൻ ഫാമിംഗ്), നൈട്രജൻ ഫിക്സിംഗ് വിളകളുൾപ്പെടുന്ന വിള പരിക്രമം, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ, ജൈവ നിയന്ത്രണ ഏജന്റുകൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയുടെ ഉപയോഗം എന്നീ മാർഗ്ഗങ്ങൾ പ്രസ്തുത കൃഷി രീതിയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ആദ്യപടിയായി കൃഷിവകുപ്പിനു കീഴിലുള്ള എല്ലാ ഫാമുകളിലും കാർബൺ തുലിതാ കാർഷിക മുറകൾ അവലംബിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ "ഒരു ജില്ലയിൽ ഒരു ഫാം" എന്ന രീതിയിൽ തിരഞ്ഞെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിലെ ആലുവ സീഡ് ഫാമിനെ സംസ്ഥാനത്തെ ആദ്യ കാർബൺ തുലിത ഫാമായി തിരഞ്ഞെടുത്തിട്ടുണ്ട്. വയനാട് ഒഴികെയുള്ള ജില്ലകളിലെ ഓരോ ഫാമുകളെ നിശ്ചയിച്ച് 13 ഫാമുകളിൽ ഘട്ടം ഘട്ടമായി പ്രസ്തുത കൃഷി രീതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ